ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1106

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 103 – 113

ഇസ്മാഈൽ (അ) ബലിയർപ്പിക്കപ്പെടുക അല്ലാഹുവിന്റെ ലക്ഷ്യമായിരുന്നില്ല. അല്ലാഹുവിനു വേണ്ടി ത്യാഗമനുഷ്ഠിക്കാനുള്ള അവരുടെ സന്നദ്ധത എത്രത്തോളമുണ്ടെന്ന് പരീക്ഷിക്കുക മാത്രമായിരുന്നു അവൻ. തുല്യതയില്ലാത്ത ഒരു മഹാപരീക്ഷണം തന്നെയായിരുന്നു അത്. നിങ്ങളിരുവരും അതിൽ നൂറുശതമാനവും വിജയിച്ചിരിക്കുന്നു. ആ വിജയത്തിനുള്ള പുരസ്കാരമായി ഇസ്മാഈലിനെ ബലിയിൽനിന്നു മോചിപ്പിച്ചു.

فَلَمَّآ أَسْلَمَا وَتَلَّهُۥ لِلْجَبِينِ ١٠٣

103. അങ്ങനെ ഇരുവരും സ്വയം സമർപ്പിക്കുകയും പുത്രനെ ചെരിച്ചു കിടത്തുകയും ചെയ്തപ്പോൾ,

وَنَـٰدَيْنَـٰهُ أَن يَـٰٓإِبْرَٰهِيمُ ١٠٤

104. നാം അദ്ദേഹത്തെ വിളിച്ചു: ഓ ഇബ്റാഹീമേ!

قَدْ صَدَّقْتَ ٱلرُّءْيَآ ۚ إِنَّا كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ١٠٥

105. നീ സ്വപ്നം സാക്ഷാത്കരിച്ചുകഴിഞ്ഞിരിക്കുന്നു. ഇങ്ങനെയാണ് നാം സുകൃതർക്ക് സമ്മാനമരുളുക.

إِنَّ هَـٰذَا لَهُوَ ٱلْبَلَـٰٓؤُا۟ ٱلْمُبِينُ ١٠٦

106. തീർച്ചയായും ഇതു തെളിഞ്ഞ പരീക്ഷണം തന്നെയായിരുന്നു.

وَفَدَيْنَـٰهُ بِذِبْحٍ عَظِيمٍ ١٠٧

107. മഹത്തായ ഒരു ബലിമൃഗത്തെ തെണ്ടം നൽകിക്കൊണ്ട് നാം ആ ബാലനെ മോചിപ്പിച്ചു.

وَتَرَكْنَا عَلَيْهِ فِى ٱلْـَٔاخِرِينَ ١٠٨

108. അദ്ദേഹത്തിന്റെ സൽകീർത്തി പിൽക്കാലക്കാരിൽ അവശേഷിപ്പിക്കുകയും ചെയ്തു.

سَلَـٰمٌ عَلَىٰٓ إِبْرَٰهِيمَ ١٠٩

109. ഇബ്റാഹീമിനു സലാം.

كَذَٰلِكَ نَجْزِى ٱلْمُحْسِنِينَ ١١٠

110. ഇപ്രകാരം നാം സുകൃതരെ പുരസ്കരിക്കുന്നു.

إِنَّهُۥ مِنْ عِبَادِنَا ٱلْمُؤْمِنِينَ ١١١

111. അദ്ദേഹം നമ്മുടെ യഥാർഥ സത്യവിശ്വാസികളായ ദാസന്മാരിൽ പെട്ടവനല്ലോ.

### 103–111

فَلَمَّا أَسْلَمَا = (അങ്ങനെ) അവരിരുവരും (സ്വയം) സമർപ്പി(ക്കുകയും)ച്ചപ്പോൾ

وَتَلَّهُ لِلْجَبِينِ = അവനെ (പുത്രനെ) ചെരിച്ചു കിടത്തുകയും ചെയ്തപ്പോൾ وَنَادَيْنَاهُ = നാം അദ്ദേഹത്തെ വിളിച്ചു

أَن يَا إِبْرَاهِيمُ = എന്തെന്നാൽ ഓ ഇബ്റാഹീമേ! قَدْ صَدَّقْتَ الرُّؤْيَا = നീ സ്വപ്നം സാക്ഷാത്കരിച്ചുകഴിഞ്ഞിരിക്കുന്നു

إِنَّا كَذَٰلِكَ = ഇങ്ങനെയാണ് നാം نَجْزِي الْمُحْسِنِينَ = സുകൃതർക്ക് സമ്മാനമരുളുന്നത്

إِنَّ هَٰذَا = തീർച്ചയായും ഇത് لَهُوَ الْبَلَاءُ الْمُبِينُ = തെളിഞ്ഞ പരീക്ഷണം തന്നെയായിരുന്നു

وَفَدَيْنَاهُ = നാം അത് (ആ ബാലനെ) തെണ്ടം നൽകി(ക്കൊണ്ട് മോചിപ്പിച്ചു) بِذِبْحٍ = ഒരു ബലിമൃഗം
عَظِيمٍ = മഹത്തായ, വമ്പിച്ച وَتَرَكْنَا عَلَيْهِ = അദ്ദേഹത്തിന്(ത്തിന്റെ സൽകീർത്തി) അവശേഷിപ്പിച്ചു
فِي الْآخِرِينَ = പിൽക്കാലക്കാരിൽ سَلَامٌ عَلَىٰ إِبْرَاهِيمَ = ഇബ്റാഹീമിനു സലാം كَذَٰلِكَ = ഇപ്രകാരം
نَجْزِي الْمُحْسِنِينَ = നാം സുകൃതരെ പുരസ്കരിക്കുന്നു
إِنَّهُ مِنْ عِبَادِنَا الْمُؤْمِنِينَ = അദ്ദേഹം നമ്മുടെ യഥാർഥ സത്യവിശ്വാസികളായ ദാസന്മാരിൽപെട്ടവനല്ലോ

അങ്ങനെ ഇരുവരും തങ്ങളെ അല്ലാഹുവിനു സ്വയം സമർപ്പിച്ചു. ഇബ്റാഹീം (അ) മൂർച്ചയേറിയ കത്തി കൈയിൽ കരുതി മകനെ ബലി സ്ഥലത്തേക്ക് കൊണ്ടുവന്നു. ഇന്ന് ഹാജിമാർ കല്ലെറിയുന്ന സ്ഥലം (ജംറ) ആയിരുന്നു വത്രെ അത്. അദ്ദേഹം മകനെ ചെരിച്ചു കിടത്തി. وَتَلَّهُ لِلْجَبِينِ എന്നാണ് മൂലവാക്യം. വീഴ്ത്തലും കിടത്തലുമാണ് تَلَّ, നെറ്റിയുടെ ഇരുവശവുമുള്ള ഭാഗമാണ് جبين. നെറ്റിത്തടത്തെയും മുഖത്തെയും കുറിക്കാനും ഉപയോഗിക്കാറുണ്ട്. ഇവിടെ ഈ മൂന്നർഥത്തിലും മുഫസ്സിറുകൾ വിശദീകരിച്ചിരിക്കുന്നു. ചെന്നി എന്ന അർഥത്തിൽ, സാധാരണ ഉരുക്കളെ അറുക്കാൻ കിടത്തുന്നതുപോലെ ചെന്നിത്തല മണ്ണിൽ പതിച്ചു ചെരിച്ചു കിടത്തി. നെറ്റി മണ്ണിൽ പതിപ്പിച്ച് സുജൂദിൽ കിടക്കുന്നതുപോലെ കിടത്തി എന്നാണ് നെറ്റി എന്ന് അർഥം കൽപിക്കുന്നവരുടെ വിശദീകരണം. അതാണത്രെ മനുഷ്യരെയും മൃഗങ്ങളെയും ബലിയർപ്പിക്കുന്ന രീതി. جَبِين-നെ മുഖമായി കരുതുന്നവരുടെ വിശദീകരണം, മുഖം മണ്ണിൽ പതിച്ചു കമഴ്ത്തി കിടത്തി എന്നാണ്. മകന്റെ മുഖത്തു നോക്കി അറുക്കുമ്പോൾ മനഃശ്ചാഞ്ചല്യമുണ്ടാകാനിടയുള്ളതുകൊണ്ടാണിങ്ങനെ ചെയ്തത്. മുഖം കുത്തി കിടത്തിയതിനെ ചെന്നിക്ക് കിടത്തി എന്നു പറഞ്ഞത് മുഖം കുത്തി വീഴുന്നതിനെ يَخِرُّونَ لِلْأَذْقَانِ (താടികൾക്കു വീഴുന്നു -17:107) എന്നു പറഞ്ഞതിനു സമാനമാണെന്നും നിരീക്ഷിച്ചിരിക്കുന്നു.

മകനെ നിലത്തു കിടത്തി ബലിയർപ്പിക്കാൻ ഇബ്റാഹീമും (അ) ബലിയർപ്പിക്കപ്പെടാൻ ഇസ്മാഈലും സന്നദ്ധരായി, കത്തിയെടുത്ത് അറുക്കാൻ തുനിഞ്ഞപ്പോഴതാ അല്ലാഹുവിങ്കൽനിന്നുള്ള അറിയിപ്പു വരുന്നു; ഓ, ഇബ്റാഹീം നീ സ്വപ്നം സാക്ഷാത്കരിച്ചുകഴിഞ്ഞു. എനിക്കുവേണ്ടി എന്തും ബലിയർപ്പിക്കാൻ സന്നദ്ധരാണ് നീയും നിന്റെ സൽപുത്രനുമെന്നു തെളിയിച്ചിരിക്കുന്നു. ഇസ്മാഈൽ (അ) ബലിയർപ്പിക്കപ്പെടുക അല്ലാഹുവിന്റെ ലക്ഷ്യമായിരുന്നില്ല. അല്ലാഹുവിനു വേണ്ടി ത്യാഗമനുഷ്ഠിക്കാനുള്ള അവരുടെ സന്നദ്ധത എത്രത്തോളമുണ്ടെന്ന് പരീക്ഷിക്കുക മാത്രമായിരുന്നു അവൻ. തുല്യതയില്ലാത്ത ഒരു മഹാപരീക്ഷണം തന്നെയായിരുന്നു അത്. നിങ്ങളിരുവരും അതിൽ നൂറുശതമാനവും വിജയിച്ചിരിക്കുന്നു. ആ വിജയത്തിനുള്ള പുരസ്കാരമായി ഇസ്മാഈലിനെ ബലിയിൽനിന്നു മോചിപ്പിച്ചു. ഏറ്റം പ്രിയപ്പെട്ടത് അല്ലാഹുവിനു ബലിയർപ്പിക്കാൻ ആത്മാർഥമായി സന്നദ്ധരാകുന്ന സുകൃതരെ ആ പ്രിയപ്പെട്ടത് അന്യൂനമായി തിരിച്ചുകൊടുത്തുകൊണ്ടാണ് അല്ലാഹു പുരസ്കരിക്കുക. അതോടൊപ്പം ഇസ്മാഈലിനെ ബലിയിൽനിന്ന് മോചിപ്പിച്ചതിനു പകരമായി ഒരു ആടിനെ ബലിയർപ്പിക്കാൻ ഇബ്റാഹീമിനോട് കൽപിക്കുകയും ചെയ്തു. ذَبْح ബലിയർപ്പണവും ذِبْح ബലിമൃഗവുമാണ്. فدية - فِداء എന്നീ മൂലപദങ്ങളിൽനിന്നുള്ള ക്രിയയാണ് فدى . പ്രായശ്ചിത്തവും പിഴയും നഷ്ടപരിഹാരവും ബലിയും മോചനദ്രവ്യവുമൊക്കെ فدية -ആണ്. ഒരു കാര്യത്തിനു വേണ്ടി ജീവാർപ്പണം ചെയ്യുന്നതിന് فداء بحياته എന്നു പറയും. ഹജ്ജിന്റെ അനുഷ്ഠാനങ്ങൾ തെറ്റിച്ചതിന് പ്രായശ്ചിത്തം ചെയ്യുന്നത് فدية-ആണ്. യുദ്ധത്തിൽ ബന്ധനസ്ഥരാകുന്നവരെ മോചിപ്പിക്കാൻ നൽകുന്ന ദ്രവ്യത്തിനു فدية എന്നു പറയുന്നു. ഇസ്മാഈലിനെ (അ) ബലിയിൽനിന്നു മോചിപ്പിച്ചതിനു പകരം ഒരാടിനെ ബലിയറുക്കാൻ കൽപിക്കുകയായിരുന്നു അല്ലാഹു. ഈ ആടിനെ അല്ലാഹു തന്നെ അവിടെ പ്രത്യക്ഷപ്പെടുത്തിയതാവാം. അല്ലെങ്കിൽ ഇബ്റാഹീം കുടുംബത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമാവാം. എന്തായാലും മഹത്തായ ബലിമൃഗവും ബലിയും തന്നെയായിരുന്നു അത്. ഒരു പ്രവാചകന്റെ പരിശുദ്ധ ജീവനു പകരം അല്ലാഹു നിയോഗിച്ചതാണല്ലോ അതിനെ. ഈ മൃഗബലിയെ പിൻതലമുറകളിൽ ഒരു പുണ്യകർമമായി നിലനിർത്തുകയും ചെയ്തു. ഈദുൽ അദ്ഹാ ദിനങ്ങളിൽ മുസ്‌ലിംകൾ നടത്തിവരുന്ന മൃഗബലി അതിന്റെ തുടർച്ചയാണ്. ഇബ്റാഹീം നബിയോടുള്ള സ്നേഹാദരത്തിന്റെയും സമാധാനാശംസയുടെയും കർമരൂപമാണ് ഈ ബലികർമം. ഇങ്ങനെ, പിൻതലമുറകളുടെ സമാധാനാശംസകൾക്ക് ഭാജനമാകാനുള്ള സൗഭാഗ്യവും അല്ലാഹു സുകൃതർക്ക് നൽകുന്ന പുരസ്കാരം തന്നെയാണ്. ഇബ്റാഹീം തീർച്ചയായും യഥാർഥ സത്യവിശ്വാസികളായ ദൈവദാസന്മാരിൽ ഒരാളായിരുന്നുവല്ലോ - إِنَّهُ مِنْ عِبَادِنَا الْمُؤْمِنِينَ .

ഇവിടെ പരാമർശിച്ച ബലിപുത്രൻ ആരാണെന്ന് ഖുർആനോ സുന്നത്തോ നേരിട്ടു പ്രസ്താവിക്കുന്നില്ല. ഹദീസുകളിൽ ചില സൂചനകൾ കാണാം. انا ابن الذّبيحين - 'ഞാൻ രണ്ടു ബലിപുത്രന്മാരുടെ പുത്രനാകുന്നു' എന്ന് നബി(സ) പ്രസ്താവിച്ചതായാണ് ഒരു നിവേദനം. തന്റെ പ്രപിതാവായ ഇസ്മാഈലിനെയും (അ) നേർപിതാവായ അബ്ദുല്ലാഹിബ്നു അബ്ദിൽ മുത്ത്വലിബിനെയുമാണ് തിരുമേനി ഉദ്ദേശിച്ചിരുന്നത്. ദൈവങ്ങൾക്ക് ബലിയർപ്പിക്കാൻ നേർന്ന അബ്ദുല്ലയെ നൂറ് ഒട്ടകങ്ങൾ ഫിദ്‌യ നൽകി മോചിപ്പിക്കുകയായിരുന്നുവല്ലോ. വാസ്തവത്തിൽ ഖുർആനോ ഹദീസോ പറഞ്ഞ് അറിയിക്കേണ്ടതില്ലാത്ത വിധം അറബികളിൽ പ്രചുരമായിരുന്നു ബലിപുത്രൻ ഇസ്മാഈൽ ആണെന്ന കാര്യം. അദ്ദേഹം അവരുടെ പിതാവാണ്. ഇബ്റാഹീം നബി ദൈവകൽപനപ്രകാരം അദ്ദേഹത്തെ ബലിയറുക്കാൻ തുനിയുകയും പിന്നെ അവന്റെ കൽപനപ്രകാരം തന്നെ ആ കൃത്യത്തിൽനിന്ന് പിന്തിരിയുകയും ചെയ്തതിന്റെ അനുസ്മരണമായിട്ടാണ് അവർ ഹജ്ജ് കാലത്ത് മൃഗബലി അനുഷ്ഠിച്ചുപോരുന്നത്. ബലിപുത്രൻ ഇസ്ഹാഖ് ആണെങ്കിൽ ഈ അനുസ്മരണച്ചടങ്ങ് ആദ്യം നിലവിൽ വരേണ്ടത് ഇസ്രാഈല്യരിലായിരുന്നു. പൂർവകാ

ലത്തോ പിൽക്കാലത്തോ ബലിസംഭവം അനുസ്മരിക്കുന്ന ഒരാചാരവും അവരിൽ ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ സ്വാഭാവികമായും മുസ്‌ലിം പണ്ഡിതന്മാർ ബലിപുത്രനായി മനസ്സിലാക്കിയത് ഇസ്മാഈലിനെ (അ) ആയിരുന്നു.

ഇബ്‌റാഹീം നബിയുടെ സീമന്തപുത്രൻ ഇസ്മാഈൽ (അ) തന്നെയാണെങ്കിലും ബലിപുത്രൻ എന്ന വിശുദ്ധ പദവി അദ്ദേഹത്തിനു ലഭിക്കുന്നതും അതുവഴി ഇസ്മാഈല്യർ ആദരണീയരാകുന്നതും ഇസ്രാഈല്യർ ഇഷ്ടപ്പെട്ടില്ല. അവർ ബലിപുത്രൻ ഇസ്മാഈൽ അല്ല, ഇബ്‌റാഹീമിന്റെ(അ) ദ്വിതീയ പുത്രൻ ഇസ്ഹാഖ് ആണെന്നു വാദിച്ചു. അതിനനുകൂലമായി ബൈബിളിൽ ചില തിരുത്തലുകൾ വരുത്തുകയും ചെയ്തു. അതിൽ സ്വാധീനിക്കപ്പെട്ട ചുരുക്കം ചില മുസ്‌ലിംകളും ബലിപുത്രൻ ഇസ്ഹാഖ് ആണെന്ന് ധരിച്ചിട്ടുണ്ട്. ഇസ്‌ലാമിക പണ്ഡിതന്മാർ ഈ തെറ്റിദ്ധാരണ ദൂരീകരിക്കാൻ നിരവധി തെളിവുകളും ന്യായങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇബ്‌റാഹീമിന്റെ (അ) സീമന്തപുത്രനും ഇസ്ഹാഖ് (അ) ജനിക്കുന്നതുവരെ ഏകജാതനുമായിരുന്നത് ഇസ്മാഈൽ (അ) ആണ്. ദീർഘനാളത്തെ പ്രാർഥനക്കും കാത്തിരിപ്പിനും ശേഷം ലഭിച്ച സന്തതിയും അദ്ദേഹം തന്നെ. ആദ്യസന്താനത്തിന്റെ സുവാർത്തയെത്തുടർന്നാണ് ബലിസംഭവം ഉദ്ധരിക്കുന്നത്. അപ്പോൾ അത് ഇസ്മാഈൽ (അ) ആയിരിക്കാനേ തരമുള്ളൂ. ഇബ്‌റാഹീമിന്റെ (അ) ആദ്യജാതൻ ഇസ്മാഈലാണെന്ന് ബൈബിളും തുറന്നു പറയുന്നു: 'ഹാഗാർ യിശ്മായേലിനെ പ്രസവിച്ചപ്പോൾ അബ്രഹാമിനു 80 വയസ്സായിരുന്നു' (ഉൽപത്തി 16:16). 'പുത്രനായ ഇസ്ഹാഖ് പിറന്നപ്പോൾ അബ്രഹാമിനു നൂറു വയസ്സായിരുന്നു' (ഉൽപത്തി 2:5).

ആദ്യജാതന് അല്ലാഹു നൽകിയ സഹനശാലിയും സഹിഷ്ണുവും- حليم എന്ന വിശേഷണം ഏറെ ഇണങ്ങുന്നതും അറുക്കപ്പെടാൻ നിസ്സങ്കോചം സമ്മതിച്ച ഇസ്മാഈലിനാണ്. ഇസ്ഹാഖിനെ വിശേഷിപ്പിക്കുന്നത് ജ്ഞാനി- عليم എന്നാണ്.

ബലിപുത്രൻ ഇസ്ഹാഖ് ആണെന്ന് പറയുന്ന ബൈബിൾ വചനത്തിൽ തികഞ്ഞ വൈരുധ്യമുണ്ട്. 'നിന്റെ പുത്രനെ നീ അത്യധികം സ്നേഹിക്കുന്ന ഏകജാതനായ ഇസ്ഹാഖിനെ കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോവുക. അവിടെ ഞാൻ കൽപിക്കുന്ന മലയിൽ അവനെ എനിക്കു ഹോമിക്കുക' എന്നാണ് ഉൽപത്തി 22:2-ൽ കൽപിക്കുന്നത്. പുത്രനെ അറുക്കാൻ കത്തിയുയർത്തിയപ്പോൾ മാലാഖ അതു തടഞ്ഞുകൊണ്ട് പറയുന്നു; 'അവനെ ഒന്നും ചെയ്യരുത്. നിന്റെ പുത്രനെ നിന്റെ ഏകജാതനെത്തന്നെ തരുവാൻ നീ വൈമനസ്യം കാണിക്കായ്കയാൽ നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് ഞാൻ ഇപ്പോൾ അറിയുന്നു' (ഉൽപത്തി 22:12). ഈ രണ്ടു വചനങ്ങളിലും വന്നിട്ടുള്ള ഏകജാതൻ എന്ന പ്രയോഗം സംഭവം നടക്കുമ്പോൾ ഇബ്‌റാഹീം നബിക്ക് ഒരു പുത്രനേ ഉണ്ടായിരുന്നുള്ളൂ എന്നാണ്. ആദ്യപുത്രൻ ഇസ്മാഈൽ ആയിരുന്നുവെന്ന കാര്യത്തിൽ തർക്കവുമില്ല. അപ്പോൾ പിന്നെ 22:2-ൽ ഏകജാതൻ എന്നതിനു ശേഷമുള്ള 'ഇസ്ഹാഖിനെ' എന്ന പദം പിന്നീട് കൂട്ടിച്ചേർത്തതാണെന്നു വ്യക്തമാകുന്നു. പിന്നെ സങ്കൽപിക്കാവുന്ന ന്യായം ഹാജറയിൽ ജനിച്ച ഇസ്മാഈലിനെ ഇബ്‌റാഹീമോ മക്കളോ ഇബ്‌റാഹീമിന്റെ പുത്രനായി അംഗീകരിച്ചിട്ടില്ല എന്നാണ്. ആരെങ്കിലും ഒരാളുടെ പുത്രനെ അയാളുടെ പുത്രനായി അംഗീകരിക്കാതിരുന്നതുകൊണ്ട് താൻ ജനിപ്പിച്ച പുത്രൻ തന്റെ പുത്രനല്ലാതാവില്ല. അതിനു പുറമെ ഇബ്‌റാഹീമും മറ്റു മക്കളും ഇസ്മാഈലിന്റെ പിതൃത്വവും സഹോദരത്വവും അംഗീകരിച്ചിരുന്നുവെന്ന് ബൈബിൾ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടുതാനും. ഉൽപത്തി 22:9,10-ൽ പറയുന്നു: 'അബ്രഹാം നല്ല കാലത്തോളം ജീവിച്ചു വയോവൃദ്ധനായി കാലപൂർണതയിൽ അന്ത്യശ്വാസം വലിച്ച് സ്വജനത്തോടു ചേർന്നു. അയാളുടെ പുത്രരായ ഇസ്ഹാഖും യിശ്മായേലും കൂടി മാമ്രെക്കു കിഴക്ക് ഹിത്തിയനായ സോഗാറിന്റെ പുത്രൻ എഫ്റോന്റെ വയലിലെ മക് പേലാ ഗുഹയിൽ അയാളെ സംസ്കരിച്ചു.'

ബലിപുത്രൻ ഇസ്മാഈൽ ആകുന്നു എന്നതിനു തെളിവായി 'അൽ കശ്ശാഫി'ന്റെ കർത്താവ് സമഖ്ശരി പറയുന്നു: ''ഈ ആടിന്റെ രണ്ട് കൊമ്പും ഇസ്മാഈലികൾ കഅ്ബയിൽ സൂക്ഷിച്ചു. ഇബ്നു സുബൈറിന്റെ ഉപരോധകാലത്ത് കഅ്ബക്ക് തീ പിടിക്കുന്നതുവരെ അതവിടെ ഉണ്ടായിരുന്നു.'' ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഖുർത്വുബി പറയുന്നു: ''എന്റെ ജീവൻ നിയന്ത്രിക്കുന്നവനാണ, ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഈ ആടിന്റെ ഉണങ്ങിയ തല കൊമ്പോടുകൂടി കഅ്ബയുടെ വെള്ളപ്പാത്തിയിൽ തൂക്കിയിട്ടിരുന്നു.'' ഇത്തരം പ്രസ്താവനകൾ സ്ഥിരപ്പെട്ടതാവണമെന്നില്ല. ആണെങ്കിൽ തന്നെ ഇപ്പറഞ്ഞ തലയും കൊമ്പും ഇബ്‌റാഹീം (അ) ബലിയർപ്പിച്ച ആടിന്റേതു തന്നെ ആവണമെന്നുമില്ല. അപ്പേരിൽ പിൽക്കാലത്ത് സ്ഥാപിക്കപ്പെട്ടതുമാവാം. എങ്കിലും ബലിപുത്രൻ ഇസ്മാഈൽ (അ) ആയിരുന്നുവെന്നതിൽ അറബികൾക്ക് സംശയമുണ്ടായിരുന്നില്ല എന്ന് ഈ നിവേദനങ്ങൾ സ്ഥിരപ്പെടുത്തുന്നു.

ബലിപുത്രൻ ഇസ്മാഈൽ (അ) തന്നെയാണെന്ന് പത്തിലേറെ തെളിവുകൾ നിരത്തി സ്ഥിരീകരിക്കുന്ന ഇമാം ഇബ്നു ആശൂർ. ഖുർആൻ ബലിപുത്രന്റെ പേരു പറയാതിരുന്നതിനെക്കുറിച്ച് ശ്രദ്ധേയമായ ഒരഭിപ്രായം ഉന്നയിക്കുന്നുണ്ട്: ഖുർആൻ ബലിപുത്രന്റെ പേരു പറയാതിരുന്നത് ഒരുപക്ഷേ അക്കാര്യത്തിൽ മുസ്‌ലിംകളും വേദക്കാരും (اهل الكتاب) തമ്മിൽ തർക്കിക്കാതിരിക്കാനാവാം. മുഹമ്മദീയ പ്രവാചകത്വവും ഖുർആനും വേദക്കാർ അംഗീകരിക്കേണ്ടതിനുള്ള ന്യായങ്ങൾ സ്ഥാപിക്കാനാണ് ഖുർആൻ ഈ ചരിത്രം ഉദ്ധരിക്കുന്നത്. ബലിപുത്രൻ ആരെന്ന് തിട്ടപ്പെടുത്തലോ അക്കാര്യത്തിൽ വേദക്കാർക്ക് തെറ്റു പറ്റിയിരിക്കുന്നുവെന്ന് സ്ഥാപിക്കലോ അതിന്റെ മുഖ്യ ലക്ഷ്യമല്ല. ബലിക്കഥ പരാമർശിക്കാത്ത പല സന്ദർഭങ്ങളിലും ഖുർആൻ ഇസ്മാഈലിന്റെയും ഇസ്ഹാഖിന്റെയും പേർ പറയുന്നുവെന്നത് സൂചിപ്പിക്കുന്നത് അതാണ്. ഉദാഹരണമായി ലൂത് വ് ജനതയെ ശിക്ഷിക്കാൻ നിയുക്തരായ മലക്കുകൾ അദ്ദേഹത്തിനും സാറക്കും നൽകിയ സുവിശേഷം. ഇസ്മാഈലിനെയും ഇസ്ഹാഖിനെയും പേരെടുത്ത് പറഞ്ഞുകൊണ്ട് രണ്ടു പേരും ഇബ്‌റാഹീം നബിക്കു വാർധക്യകാലത്ത് ലഭിച്ച ദൈവിക സമ്മാനമാണെന്ന് ഉണർത്തിയിരിക്കുന്നു. എന്നാൽ ബലിസംഭവം പറയുമ്പോൾ ആരുടെയും പേര് വ്യക്തമാക്കുന്നില്ല. ഈ അനുക്തമാക്കൽ സോദ്ദേശ്യമാണെന്നു കരുതണം. കഥയുടെ പാഠത്തിന് അത് ഒരു ഊനവും വരുത്തുന്നില്ല. ഇബ്‌റാഹീമിന്റെ മഹത്വമാണ് ആ പാഠം. ബലിപുത്രൻ രണ്ടിൽ ആരായിരുന്നാലും അവനെ ബലിയർപ്പിക്കാനുള്ള ഇബ്‌റാഹീമിന്റെ (അ) സന്നദ്ധതയിലും നിശ്ചയദാർഢ്യത്തിലും തുടർന്നുണ്ടായ ദിവ്യാത്ഭുതത്തിലുമെല്ലാം

പ്രകാശിക്കുന്നത് അദ്ദേഹത്തിന്റെ വിശുദ്ധിയും മഹത്വവുമാണ്. അല്ലാഹു പറഞ്ഞു: وَلَا تُجَادِلُوا أَهْلَ الْكِتَابِ إِلَّا بِالَّتِي هِيَ أَحْسَنُ (ഏറ്റവും നല്ല രീതിയിൽ മാത്രമേ നിങ്ങൾ വേദക്കാരുമായി സംവദിക്കാവൂ -29:46). പ്രവാചകൻ പറഞ്ഞു: ''വേദക്കാരെ നിങ്ങൾ അപ്പടി വിശ്വസിക്കേണ്ട, തള്ളിപ്പറയുകയും വേണ്ട'' (ഹാകിം). മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഇസ്മാഈലും (അ) ഇസ്ഹാഖും (അ) ആദരണീയരായ പ്രവാചകന്മാരാണ്. ബലിപുത്രൻ അവരിൽ ആരായാലും മറ്റേയാൾ തരം താണവനാകുന്നില്ല. ●

---

وَبَشَّرْنَٰهُ بِإِسْحَٰقَ نَبِيًّا مِّنَ ٱلصَّٰلِحِينَ ﴿١١٢﴾

112. നാം അദ്ദേഹത്തിന് ഇസ്ഹാഖിന്റെ ജനന സുവാർത്തയരുളുകയും ചെയ്തു; സച്ചരിതരിൽനിന്നുള്ള ഒരു പ്രവാചകൻ.

وَبَٰرَكْنَا عَلَيْهِ وَعَلَىٰٓ إِسْحَٰقَ ۚ وَمِن ذُرِّيَّتِهِمَا مُحْسِنٌ وَظَالِمٌ لِّنَفْسِهِۦ مُبِينٌ ﴿١١٣﴾

113. അദ്ദേഹത്തെയും ഇസ്ഹാഖിനെയും നാം അനുഗ്രഹിച്ചിരിക്കുന്നു. അവരുടെ സന്തതികളിൽ സുകൃതനുണ്ട്, തന്നോടു തന്നെ സ്പഷ്ടമായ അക്രമം ചെയ്യുന്നവനുമുണ്ട്.

**112,113**

وَبَشَّرْنَاهُ = നാം അദ്ദേഹത്തിനു സുവാർത്തയരുളുകയും ചെയ്തു

بِإِسْحَاقَ = ഇസ്ഹാഖിനെ(ഖിന്റെ ജനനം) نَبِيًّا مِّنَ الصَّالِحِينَ = സച്ചരിതരിൽനിന്നുള്ള പ്രവാചകനായിട്ട്

وَبَارَكْنَا عَلَيْهِ وَعَلَىٰ إِسْحَاقَ = അദ്ദേഹത്തെയും ഇസ്ഹാഖിനെയും നാം അനുഗ്രഹിച്ചിരിക്കുന്നു

وَمِن ذُرِّيَّتِهِمَا = രണ്ടു പേരുടെയും സന്തതികളിലുണ്ട് مُحْسِنٌ = സുകൃതൻ

وَظَالِمٌ لِّنَفْسِهِ مُبِينٌ = തന്നോടു തന്നെ സ്പഷ്ടമായ അക്രമം ചെയ്യുന്നവനുമുണ്ട്

ഇബ്റാഹീമിന് (അ) അല്ലാഹു ഈ ലോകത്ത് അരുളിയ മറ്റൊരനുഗ്രഹം അനുസ്മരിക്കുകയാണ്. ഇവിടെ സൂചിപ്പിക്കുന്ന ശുഭവാർത്തയും തുടർന്നുള്ള ഇസ്ഹാഖ് നബിയുടെ ജനനവും നടന്നത് ഇസ്മാഈലിന്റെ (അ) ജനനവും ബലിസംഭവവും നടന്ന ശേഷമാണെന്ന് വചനക്രമം സൂചിപ്പിക്കുന്നുണ്ട്. ഇസ്ഹാഖും ഇസ്മാഈലിനെപ്പോലെ പ്രവാചകനായിരുന്നു. സച്ചരിതനുമായിരുന്നു. സാമാന്യമായി പ്രവാചകന്മാരെല്ലാം സച്ചരിതരുമായിരിക്കും. എല്ലാ പ്രവാചകന്മാരും സച്ചരിതരാകുന്നു. എല്ലാ സച്ചരിതരും പ്രവാചകന്മാരായിരിക്കുകയില്ല. സച്ചരിതരിൽനിന്ന് പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ടയാളായിരുന്നു ഇസ്ഹാഖ് (അ). ഇബ്റാഹീമിനെ(അ) അല്ലാഹു ഏറെ അനുഗ്രഹിച്ചു. അദ്ദേഹത്തിനു വസിക്കാൻ ഫലഭൂയിഷ്ടമായ ശാം തെരഞ്ഞെടുത്തു കൊടുത്തു. കാലാന്തരത്തിൽ അദ്ദേഹത്തിന്റെ സന്തതികൾ ആ പ്രദേശത്തിന്റെ അധിപരായിത്തീർന്നു. സാറായുടെ മരണ ശേഷം ഇബ്റാഹീം (അ) രണ്ടു സ്ത്രീകളെ വേൾക്കുകയും അതിൽ പതിനൊന്ന് മക്കളുണ്ടാവുകയും ചെയ്തതായി പറയപ്പെടുന്നു. മക്കളെ വിവിധ പ്രദേശങ്ങളിൽ അധിവസിപ്പിച്ചു. അവിടങ്ങളിലൊക്കെ അദ്ദേഹത്തിന്റെ പിന്മുറക്കാർ പെരുകി. ഇസ്മാഈലിനെ വസിപ്പിച്ചത് ഹിജാസിലാണ്. ഇസ്ഹാഖിനെ ശാമിലും. ഈ രണ്ടു പേരുടെയും ഗോത്രങ്ങൾ പ്രബലരായി. രണ്ടു പേരുടെയും സന്തതികൾ കൊണ്ട് വിവക്ഷിക്കുന്നത് ഇസ്ഹാഖിന്റെ പിന്മുറക്കാരെയും ഇബ്റാഹീം നബിയുടെ മറ്റു മക്കളിലൂടെയുള്ള പിന്മുറക്കാരെയുമാകുന്നു. ജനസംഖ്യ കൊണ്ടും നാഗരികത കൊണ്ടും കൂടുതൽ ശക്തരായത് ഇസ്രാഈല്യരാണ്. അവരിൽ അല്ലാഹു ധാരാളം പ്രവാചകന്മാരെ നിയോഗിച്ചു. അവർക്ക് രാജ്യങ്ങളും രാജാക്കന്മാരുമുണ്ടായി. ഇത് ഇസ്ഹാഖിനു (അ) ലഭിച്ച സവിശേഷ അനുഗ്രഹങ്ങളാണ്. ഇസ്മാഈലികളിൽ ഇസ്മാഈലിനു ശേഷം പ്രവാചകന്മാർ വന്നതായി ചരിത്രമില്ല. അവർക്കുവേണ്ടി അല്ലാഹു അന്ത്യപ്രവാചകനെ കരുതിവെക്കുകയായിരുന്നു. ഇബ്റാഹീമി(അ)ലൂടെയും ഇസ്ഹാഖിലൂടെയും (അ) ഉണ്ടായി വന്ന തലമുറകളിൽ നല്ലവരുണ്ട്, തീയവരുമുണ്ട്. നല്ല കാര്യങ്ങൾ നല്ല രീതിയിൽ ചെയ്യുന്നവനാണ് محسن. അക്രമിയും അധർമിയുമാണ് ظالم. ഏതു അധർമവും ആദ്യം ബാധിക്കുന്നത് അതു ചെയ്യുന്നവരുടെ ആത്മാവിനെയാണ്. എല്ലാ അധർമികളും ഒരർഥത്തിൽ തങ്ങളോടു തന്നെ അക്രമം ചെയ്യുന്നവരാണ്.

വചനതാൽപര്യമിതാണ്: ഇബ്റാഹീമിന്റെയും ഇസ്ഹാഖിന്റെയും സന്തതികളെ അല്ലാഹു സമ്പത്ത് കൊണ്ടും ജ്ഞാനം കൊണ്ടും സ്ഥാനമാനങ്ങൾ കൊണ്ടും അനുഗ്രഹിച്ചു. അവരെല്ലാവരും സജ്ജനങ്ങളും പുണ്യാത്മാക്കളുമാണെന്ന് അതിനർഥമില്ല. അല്ലാഹുവിന്റെ ധർമശാസനകൾ ധിക്കരിക്കുന്നവരും പ്രവാചകന്മാരെ നിഷേധിക്കുന്നവരും അല്ലാഹു അല്ലാത്തവർക്ക് വഴിപ്പെട്ടു ചരിക്കുന്നവരും ഇസ്രാഈല്യരിലുണ്ട്. അതുപോലെ പ്രവാചകനെ നിഷേധിക്കുകയും ദ്രോഹിക്കുകയും ശിലാവിഗ്രഹങ്ങളെ ദൈവങ്ങളാക്കി ആരാധിക്കുകയും ചെയ്യുന്നവർ ഇസ്മാഈല്യരിലുമുണ്ട്. കൊടിയ മർദനപീഡനങ്ങൾ നേരിട്ടുകൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിൽ ഉറച്ചു വിശ്വസിക്കുകയും അവന്റെ ശാസനകളനുസരിച്ച് ചരിക്കുകയും ചെയ്യുന്നവരുമുണ്ട്. പ്രവാചകന്റെ പുത്രന്മാരായതുകൊണ്ടുമാത്രം ആരും ശ്രേഷ്ഠരാകുന്നില്ല. ദുഷ്ടന്മാരുടെ പുത്രന്മാരായതുകൊണ്ട് നികൃഷ്ടരാകുന്നുമില്ല. *അൽ അൻആം, ഇബ്റാഹീം, മർയം, അൽ അമ്പിയാഅ്, അശ്ശുഅറാഅ്, അൽ അൻകബൂത്ത്* സൂറകളിൽ ഇബ്റാഹീമീചരിത്രത്തിന്റെ വിവിധ വശങ്ങൾ പരാമർശിച്ചിട്ടുണ്ട്. ●